# വി. തോമാശ്ലീഹായുടെ സിഹാസനം നവീനസൃഷ്ടിയോ?

## വത്തിക്കാൻ ലൈബ്രറിയിൽ നിന്നും ഒരു പുതിയ രേഖ

### പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

വിശുദ്ധ തോമാശ്ലീഹായുടെ സിംഹാസനം ഒരു പുതിയ സൃഷ്ടിയാണെന്നു വാദിക്കുന്നവർക്ക് മറുപടി പറയുവാൻ സാധിക്കാത്തവിധത്തിൽ ഒരു പുതിയ രേഖ കൂടെ വത്തിക്കാൻ ലൈബ്രറിയിൽ നിന്നു ലഭിച്ചിരിക്കുന്നു. വത്തിക്കാൻ ലൈബ്രറിയിലെ സുറിയാനി കൈയെഴുത്തുരേഖകളുടെ കാറ്റ്ലോഗിന്റെ 186 മുതൽ 189 വരെയുള്ള വശങ്ങളിൽ ഇതേക്കുറിച്ചുള്ള വിവരണം നല്കപ്പെട്ടിരിക്കുന്നു. പ്രസ്തുത പുസ്തകം പെരുനാൾ ദിവസം വായിക്കുവാനുള്ള വായനക്കാരുടെ പുസ്തകമാണ്. കേരളത്തിൽ 'ശെങ്ങള' എന്ന സ്ഥലത്തുവച്ച് എഴുതപ്പെട്ടതാണ്. 1301-ാം ആണ്ടിലാണു പകർത്തി എഴുതപ്പെട്ടത്. അതായത് ഇന്നേക്ക് 675 വർഷം മുൻപ്. ഈ പുസ്തകത്തിന്റെ 93-ാം വശത്ത് സുറിയാനിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ദൈവത്തിന്റെ സഹായത്താലും കൃപയാലും കരുണയാലും പരിശുദ്ധനായ പൗലൂസ് ശ്ലീഹായുടെ ലേഖനങ്ങളുടെ വായനകൾ അടങ്ങിയ ഈ പുസ്തകം എഴുതിത്തീർന്നു.... സലൂക്യയുടെയും ക്തെസീഫോന്റെയും അതായതു തലസ്ഥാന നഗരമായ അർദശീറിലുള്ള ഊനമില്ലാത്ത കിഴക്കിന്റെ കാതോലിക്കാ സിംഹാസനത്തിങ്കലെ കൂക്കോയരുടെയും മഹൂസ്യരുടെയും സഭാക്രമ പ്രകാരം എഴുതപ്പെട്ടു."

93-ാം വശത്തുതന്നെ വീണ്ടും തുടരുന്നു: "ഈ പരിശുദ്ധ പുസ്തകം എഴുതപ്പെട്ടത് ഇൻഡ്യാപ്രദേശത്തു മലബാറിലുള്ള സുപ്രസിദ്ധവും മഹനീയവുമായ തലസ്ഥാനനഗരമായ ശെങ്ങളായിൽ ശ്രേഷ്ഠനായ മാർ കുറിയാക്കോസ് സഹദായുടെ നാമത്തിലുള്ള പള്ളിയിൽ വച്ചാണ്. അദ്ദേഹത്തിന്റെ പ്രാർത്ഥന വിശ്വാസികൾക്ക് കോട്ടയായിരിക്കട്ടെ. ആമ്മീൻ. കിഴക്കിന്റെ പരിശുദ്ധ കാതോലിക സഭയുടെ നായകനും അതിന്റെ അതിർത്തികളോളം തന്റെ പ്രകാശത്തെ പ്രസരിപ്പിക്കുന്നവനുമായ വലിയ ഭരണാധിപതി അതായത് ഇടയന്മാരിൽ പ്രധാനിയും മഹാപുരോഹിതന്മാരുടെ മഹാപുരോഹിതനും അധിപതിമാരുടെ അധിപതിയും പിതാക്കന്മാരുടെ പിതാവും പ്രധാനാചാര്യനുമായ പരിശുദ്ധനും വാഴ്ത്തപ്പെട്ടവനുമായ തുർക്കി രാജ്യക്കാരൻ കിഴക്കിന്റെ കാതോലിക്കോസ് പാത്രിയർക്കീസ് ആബൂൻ മാർ യാഹബല്ലാഹ 5-ാമന്റെ കാലത്ത് എഴുതപ്പെട്ടു. പ്രകാശത്തിന്റെ ഉറവിടവും പ്രദേശത്തിന്റെ തലസ്ഥാനവുമായി കാതോലികസഭയുടെ ഉയർന്ന ദീപസ്തംഭമായി നിലകൊണ്ട് അതിന്റെ എല്ലാ നിരകളെയും പ്രകാശിപ്പിക്കുകയും അതിന്റെ കേടുപാടുകളെ തീർക്കുകയും ചെയ്യുന്നവനും അവൻ തന്നെ... ആമ്മീൻ. മാർതോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിന്മേൽ അധിപതിയായി വാഴുന്ന മെത്രാപ്പോലീത്താ യാക്കോബ് എപ്പിസ്കോപ്പായുടെ കാലത്തു തന്നെ. അതായത് നമ്മുടെയും ഇൻഡ്യാ രാജ്യത്തുള്ള എല്ലാ ക്രിസ്ത്യാനികളുടെയും അധിപതി ആയവൻ തന്നെ (വ് മാർ യായിക്കോവ് എപ്പിസ്കോപ്പാ മിത്രാപ്പോലീത്തോസ് കോയുമോ വമ്ദബറോനോ ദ് കുർസിയോ കാദീശോ ദ് മാർ തോമാശ്ലീഹോ, അവുക്കിത്ത് മ്ദബറോനോ ദീലാൻ വദ്കുല്ലേ ഈദ് ത്തോ കാദീശ്ത്തൊ ദ് ഹിന്തു ദ് ക്രിസ്തിയോനൂസോ)."

മലയാളത്തിൽ കൊടുത്തിരിക്കുന്നത് ഒരു ഏകദേശ തർജ്ജിമയാണ്. ഇതിന്റെ സുറിയാനി മൂലത്തിന്റെ ഫോട്ടോകോപ്പിയും കുറെക്കൂടെ ശരിയായ പരിഭാഷയും ഉടനെ പ്രസിദ്ധപ്പെടുത്താമെന്നു പ്രതീക്ഷിക്കുന്നു.

ഈ രേഖയിൽ നിന്നും മനസ്സിലാകുന്ന കാര്യങ്ങൾ പലതാണ്. 1301-ൽ ഇവിടെ കാതോലിക്കാ സിംഹാസനമില്ല. ഇവിടെയുള്ള മെത്രാപ്പോലീത്താ മാർ യാക്കോബ് എപ്പിസ്കോപ്പായാണ്. ഇദ്ദേഹം ഇൻഡ്യയിലുള്ള എല്ലാ ക്രിസ്ത്യാനികളുടെയും അധിപതിയാണ്. ഇവിടെ അന്നു കത്തോലിക്കരുമില്ല; മറ്റു വകുപ്പുകാരായ ക്രിസ്ത്യാനികളുമില്ല. ഏക സഭയേ ഉള്ളൂ. ആ സഭയുടെ അധിപനാണ് മാർ യാക്കോബ്. അദ്ദേഹം മെത്രാപ്പോലീത്തായായി ആരൂഢനായിരിക്കുന്നതു പരിശുദ്ധ തോമ്മാശ്ലീഹായുടെ സിംഹാസനത്തിലാണ്. മലങ്കര മെത്രാപ്പോലീത്തായുടെ സിംഹാസനം 1301-ൽ വിശുദ്ധ തോമ്മാശ്ലീഹായുടെ സിംഹാസനമാണ്. കിഴക്കിന്റെ കാതോലിക്കാ സിംഹാസനം ഇൻഡ്യയിൽ പുനഃസ്ഥാപിക്കപ്പെട്ട 1912-ന് 600 വർഷങ്ങൾക്കു മുമ്പുതന്നെ ഇവിടെ തോമ്മാശ്ലീഹായുടെ സിംഹാസനമുണ്ടെന്നു ഇവിടെയുള്ള ക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു എന്നതിനു വ്യക്തമായ തെളിവാണ് ഈ രേഖ കൊണ്ടു ലഭിക്കുന്നത്.

ഈ രേഖയെപ്പറ്റി ഇതിനുമുമ്പ് നമുക്കുള്ള അറിവ് ബഹുമാനപ്പെട്ട പ്ലാസിഡച്ചന്റെ പുസ്തകങ്ങളിൽ നിന്നായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം അന്നത്തെ കിഴക്കിന്റെ കാതോലിക്കോസ് പാത്രിയർക്കീസ് യാഹബല്ലാഹ തൃതീയനാണ്, യാഹബല്ലാഹ പഞ്ചമൻ എന്ന് തെറ്റിയെഴുതിയതാണ്. 'ശെങ്ങള' എന്നു പറയുന്നത് കൊടുങ്ങല്ലൂർ തന്നെ. 1301-ൽ ഇവിടുത്തെ മെത്രാപ്പോലീത്താ ആയി വാഴുന്ന മാർ യാക്കോബ് പേർഷ്യക്കാരനാകാനാണ് വഴി. പ്ലാസിഡച്ചൻ പറയുന്നതനുസരിച്ച് തോമാശ്ലീഹായുടെ സിംഹാസനം കൊടുങ്ങല്ലൂരായിരുന്നു. അത് മൈലാപ്പൂരിൽ നിന്നും അങ്ങോട്ടു മാറ്റി സ്ഥാപിച്ചതാണെന്നും പിന്നീട് അതു കൊടുങ്ങല്ലൂരിൽ നിന്നാണ് അങ്കമാലിയിലേക്ക് സ്ഥലം മാറ്റം ചെയ്തതെന്നും കത്തോലിക്കരുടെ ആദ്യത്തെ അങ്കമാലി ബിഷപ്പും സുപ്രസിദ്ധ ചരിത്രകാരനുമായ ഫ്രാൻസിസ് റോസ് എഴുതിയിരിക്കുന്നു. കൊടുങ്ങല്ലൂരിൽ നിന്ന് അങ്കമാലിയിലേക്ക് കുടിയേറിപ്പാർപ്പ് ഉണ്ടായത് 9-ാം ശതാബ്ദത്തിലാണെന്നും കത്തോലിക്കാ ചരിത്രകാരന്മാർ പറയുന്നു. എന്നാൽ നമ്മുടെ രേഖയനുസരിച്ച് 1301-ൽ തോമാശ്ലീഹായുടെ സിംഹാസനം കൊടുങ്ങല്ലൂരാണ്. ഈ രേഖയെപ്പറ്റി കൂടുതൽ അറിയുവാനാഗ്രഹമുള്ളവർ പ്ലാസിഡച്ചന്റെ 'The Hierarchy of Syro-Malabar Church' (പ്രകാശം പബ്ലിക്കേഷൻസ്, 1976) നോക്കുക.